(ബി) മാർക്കറിംഗ് ഫെഡറേഷൻ വാങ്ങുന്ന കൊപ്ര വെളിച്ചെണ്ണയാക്കാൻ നാളികേര വികസന കോർപ്പറേഷനെ അധികാരപ്പെടുത്തിയതിനാൽ 1985 സെപ്റ്റംബർ മുതൽ കോർപ്പറേഷൻ നേരിട്ട് കൊപ്ര വാങ്ങേണ്ടി വന്നില്ല.

(സി) 27-8-1985 വരെ അതാത് കാലങ്ങളിൽ നിലവിലിരുന്ന കമ്പോള നിലവാരമനുസരിച്ചുള്ള വിലയുടെ അടിസ്ഥാനത്തിലും അതിനു ശേഷം കേരള സർക്കാർ നിശ്ചയിച്ച, ക്വിൻറലിന് 1200 രൂപയിൽ കുറയാത്ത വിലയ്ക്കാണ് വാങ്ങിയത്.

(ഡി) 78. കൂടുതൽ കേന്ദ്രങ്ങൾ തുറന്നുകൊണ്ടിരിക്കുകയാണ്.

(ഇ) തിരുവനന്തപുരം ജില്ലയിൽ ആറും, കൊല്ലം ജില്ലയിൽ പതിനൊന്നും, ആലപ്പുഴ ജില്ലയിൽ ഏഴും, പത്തനംതിട്ട ജില്ലയിൽ അഞ്ചും, കോട്ടയം ജില്ലയിൽ നാലും, എറണാകുളം ജില്ലയിൽ നാലും, തൃശ്ശൂർ ജില്ലയിൽ ഇരുപത്തിയൊന്നും, പാലക്കാട് ജില്ലയിൽ ഒന്നും, ഇടുക്കി ജില്ലയിൽ ആറും, കോഴിക്കോട് ജില്ലയിൽ പത്തും, കണ്ണൂർ ജില്ലയിൽ എട്ടും, കാസർഗോഡ് ജില്ലയിൽ ഒൻപതും, കൊപ്ര സംഭരണകേന്ദ്രങ്ങളാണ് പ്രവർത്തിച്ചുവരുന്നത്. ഫെഡറേഷന്റെ സ്റ്റോക്ക് മുഴുവൻ നാളികേര വികസന കോർപ്പറേഷനെ ഏൽപ്പിച്ചുകഴിഞ്ഞു.

(എഫ്) ഫെഡറേഷൻ വാങ്ങുന്ന കൊപ്ര എണ്ണയാക്കുന്നതിനുവേണ്ടി നാളികേര വികസന കോർപ്പറേഷനെ നിയോഗിച്ചിട്ടുള്ളതിനാൽ 1985 സെപ്റ്റംബർ മുതൽ നാളികേര കോർപ്പറേഷന് നേരിട്ട് കൊപ്ര വാങ്ങേണ്ടി വന്നില്ല.

(ജി) ഫെഡറേഷൻ വാങ്ങുന്ന കൊപ്ര വെളിച്ചെണ്ണയാക്കുന്നതിനു വേണ്ടി കോർപ്പറേഷനെ നിയോഗിച്ചിട്ടുള്ളതുകൊണ്ടാണ് കോർപ്പറേഷൻ നേരിട്ട് കൊപ്ര വാങ്ങേണ്ടതില്ല എന്ന് തീരുമാനിച്ചത്.

(എച്ച്) സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ ബാങ്കുകളിൽ നിന്നും 10 കോടി രൂപ ഫെഡറേഷന് ലഭ്യമാക്കി. അതിന് ഗവൺമെൻറ് ഗാരണ്ടിയും കൊടുത്തിട്ടുണ്ട്. കൂടാതെ സംസ്ഥാന സർക്കാർതന്നെ ഒരു കോടി രൂപ ഫെഡറേഷന് നൽകി.

(ഐ) ഇതേവരെ 12000 ടണ്ണിലധികം കൊപ്ര നാളികേര വികസന കോർപ്പറേഷനെ ഏൽപ്പിച്ചു.

(ജെ) കൂടുതൽ സംഭരണ കേന്ദ്രങ്ങൾ തുറക്കാൻ നടപടിയെടുത്തുവരികയാണ്.

(കെ) 14-1-1986 മുതൽ.

(എൽ) വർദ്ധിച്ചു.

നാളികേര വിലയിടിവ്

* 55. [59] ശ്രീ. എ. സി. ഷൺമുഖദാസ് :
,, ടി. പി. പീതാംബരൻ മാസ്റ്റർ :
ശ്രീമതി റേച്ചൽ സണ്ണി പനവേലി :
ശ്രീ. കെ. കെ. ബാലകൃഷ്ണൻ :
ഡോക്ടർ കെ. ജി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാളികേര വിലയിടിവ്മൂലം കേരളത്തിലെ നാളികേര കർഷകർ സാമ്പത്തികമായി പ്രയാസപ്പെടുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

(ബി) നാളികേരത്തിന് കുത്തനെയുണ്ടായ വിലയിടിവിന് കാരണങ്ങൾ എന്തൊക്കെയാണ് ;

(സി) വില വർദ്ധിപ്പിക്കുവാൻ എന്തൊക്കെ പരിഹാര നിർദ്ദേശങ്ങളാണ് ഗവൺമെൻറ് മുന്നോട്ടു വച്ചിട്ടുള്ളത്, അവ ഓരോന്നും എന്തെന്ന് വ്യക്തമാക്കുമോ ;

(ഡി) കൊപ്രയും വെളിച്ചെണ്ണയും ഇറക്കുമതി ചെയ്യുന്നത് പൂർണ്ണമായി നിറുത്തൽ ചെയ്യണമെന്നും മറ്റ് സസ്യഎണ്ണകളുടെ ഇറക്കുമതിയിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തണമെന്നും സംസ്ഥാന ഗവൺമെൻറ് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്തു മറുപടി ലഭിച്ചു ?

(ഇ) കൊപ്ര ഉൾപ്പെടെയുള്ള നാണ്യവിളകളുടെ വിലയെ ബാധിക്കുന്ന ഇറക്കുമതി നടത്തുവാൻ അനുവാദം നൽകുന്നതിനുമുമ്പ് സംസ്ഥാന ഗവൺമെൻറുമായി ആലോചിക്കണമെന്ന് സംസ്ഥാനഗവൺമെൻറ് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ ?

(എഫ്) ഉണ്ടെങ്കിൽ അതിൻമേൽ എന്തെങ്കിലും ഉറപ്പ് ലഭിച്ചിട്ടുണ്ടോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്) :

(എ) ഉണ്ട്.

(ബി) വർദ്ധിച്ച ഉൽപ്പാദനം, മറ്റ് സസ്യഎണ്ണകളുടെ ഉൽപ്പാദനത്തിലുണ്ടായ വർദ്ധനവ്, വെളിച്ചെണ്ണ ഭക്ഷ്യ ആവശ്യത്തിന് ഉപയോഗിക്കുന്നതിനു വന്ന കുറവ് മുതലായവയാണ്. പ്രധാന കാരണങ്ങൾ.

(സി) 1. കൊപ്രയും വെളിച്ചെണ്ണയും ഇറക്കുമതി ചെയ്യരുതെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുകയും ആസന്നഭാവിയിൽ ഇറക്കുമതി ചെയ്യുന്നതല്ലെന്ന് ഉറപ്പു വാങ്ങുകയും ചെയ്തു.

2. താങ്ങുവില പ്രഖ്യാപിച്ച് കൊപ്രാസംഭരണം നടത്തുന്നതിനു വേണ്ടി ഒരു പദ്ധതി തയ്യാറാക്കി കേന്ദ്രഗവൺമെൻറിന് സമർപ്പിച്ച് അംഗീകാരം വാങ്ങി.

3. കമ്പിൻറലിന് 1200 രൂപ മിനിമം വില നിശ്ചയിച്ച് കൊപ്ര സംഭരണം നടത്തിവരുന്നു.

4. പാമോയിൽ വിതരണം നിറുത്തി അതിനുപകരം സബ്സിഡി നിരക്കിൽ വെളിച്ചെണ്ണ വിതരണം നടത്തിവരുന്നു.

(ഡി) ഉണ്ട്. വെളിച്ചെണ്ണയോ കൊപ്രയോ ആസന്നഭാവിയിൽ ഇറക്കുമതി ചെയ്യുന്നതല്ല എന്ന് കേന്ദ്രഗവൺമെൻറ് ഉറപ്പു നൽകിയിട്ടുണ്ട്.

(ഇ) ഇറക്കുമതി നടത്തരുതെന്നാണ് അഭ്യർത്ഥിച്ചിട്ടുള്ളത്.

(എഫ്) കൊപ്രയും വെളിച്ചെണ്ണയും ആസന്നഭാവിയിൽ ഇറക്കുമതി ചെയ്യുന്നതല്ല എന്ന് ഉറപ്പു ലഭിച്ചിട്ടുണ്ട്.

പത്രപ്രവർത്തകരുടെ നേരെ നടന്ന പോലീസ് മർദ്ദനം

* 56. [60] ശ്രീ. വി.വി. ജോസഫ് :

,, പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം പത്രപ്രവർത്തകരെ പോലീസ് മർദ്ദിച്ചതിന് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) ഈ പരാതിയിൻമേൽ എത്ര പേരുടെ പേരിൽ ഗവൺമെൻറ് നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly